പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 6028

10/07/2012 ൽ
മറുപടിക്ക്

## ഫോക്‌ലോർ അക്കാഡമി

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ. പി.സി. ജോർജ്<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ് | | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഫോക്‌ലോർ അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുവോ; | (എ) | ഉണ്ട്. |
| (ബി) | തിരുവിതാംകൂർ ഫോക്‌ലോർ ഗ്രാമത്തിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; നടപ്പു സാമ്പത്തിക വർഷം ഇതിന്റെ പ്രവർത്തനത്തിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്യുവാൻ ഉദ്ദേശിക്കുന്നു; വിശദാംശങ്ങൾ നൽകുമോ; | (ബി) | കോട്ടയം മണിമലയാറിന്റെ തീരത്ത് വെള്ളാവൂരിൽ സ്ഥാപിക്കുന്ന വില്ലേജിന് 1.5 ഏക്കർ സ്ഥലം വെള്ളാവൂർ ഗ്രാമപഞ്ചായത്ത് ഫോക്‌ലോർ അക്കാദമിക്ക് നൽകുകയും, വില്ലേജ് സ്ഥാപിക്കുന്നതിനാവശ്യമായ പ്രാരംഭ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കലാഗ്രാമം, മ്യൂസിയം, പഠനകേന്ദ്രം, ഗവേഷണ കേന്ദ്രം തുടങ്ങിയവ ആദ്യഘട്ടത്തിൽ സ്ഥാപിക്കാൻ ഫോക്‌ലോർ അക്കാദമി ഉദ്ദേശിക്കുന്നു. അതിനായി സർക്കാർ 5 ലക്ഷം രൂപ അനുവദിച്ചു. |
| (സി) | കേരളത്തിന്റെ നാടൻ കലാരൂപങ്ങൾ പ്രൊമോട്ട് ചെയ്യുന്നതിന് ഉതകുന്ന പദ്ധതികൾ ടൂറിസം വകുപ്പുമായി ചേർന്ന് നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ടൂറിസം വകുപ്പും ഫോക്‌ലോർ അക്കാദമിയും ചേർന്ന് ഫോക് ടൂറിസം എന്ന പദ്ധതി ആവിഷ്കരിക്കുന്നതിനെപ്പറ്റി ചർച്ച നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ